**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. എൻ.പി. മുഹമ്മദിന് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മൂന്ന് ലക്ഷം രൂപ ചികിത്സാ സഹായം അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.2799/2019/ ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 09/12/2019

പരാമർശം :-
1. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 27.07.2019 ലെ 31(4)/19-20 നം. തീരുമാനം.
2. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ
3. ഗ്രാമവികസന കമ്മീഷണറുടെ 16.11.2019 ലെ ഡിപി5/15558/2019/സിആർഡി നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. എൻ.പി. മുഹമ്മദ് ഔദ്യോഗിക പരിപാടിയിൽ പങ്കെടുക്കവേ വീണ് പരിക്കേറ്റതിനെത്തുടർന്ന് വെല്ലൂർ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള വിവിധ ആശുപത്രികളിൽ ചികിത്സ നടത്തുകയും, നിലവിൽ ചികിത്സ തുടരുകയുമാണ്. ടിയാളുടെ കുടുംബത്തിന് വർദ്ധിച്ച ചികിത്സാ ചെലവുകൾ താങ്ങാൻ സാധിക്കാത്ത സ്ഥിതിയിലുമാണ്. ഈ സാഹചര്യത്തിൽ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചികിത്സാ സഹായം അനുവദിക്കുന്നതിനായി ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരാമർശം (1) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ, പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശിപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണസമിതി തീരുമാനവും ഗ്രാമവികസന കമ്മീഷണരുടെ ശിപാർശയും പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. എൻ.പി.മുഹമ്മദിന്, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 3,00,000/-രൂപ (മൂന്ന് ലക്ഷം രൂപ) ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ.ജെ.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ്, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്.

ശ്രീ. എൻ.പി. മുഹമ്മദ്, മെമ്പർ, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് ജില്ല.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ